ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ദേശീയ മത്സ്യ വികസന ബോർഡിൽനിന്നും കൂടുതൽ ഫണ്ട് സ്വരൂപിച്ച് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന് ഓഹരി മൂലധനമായി 34 ലക്ഷം രൂപ നാളിതു വരെ ലഭിച്ചിട്ടുണ്ട്. നടപ്പ് വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന ഒരു കോടി രൂപയിൽ 25 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) കേരളത്തിന്റെ തീരപ്രദേശങ്ങളുടെ വികസനത്തിനായി സർക്കാർ രൂപം നൽകിയ സമഗ്ര തീരദേശ വികസന പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണം, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ് ലൈറ്റുകൾ, മത്സ്യമാർക്കറ്റ് മുതലായവയുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തികളാണ് വിവിധ ജില്ലകളിലായി നടപ്പിലാക്കി വരുന്നത്. ഇതുകൂടാതെ ആർ.കെ.വി.വൈ. പ്രകാരം കാസർഗോഡ് ജില്ലയിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പദ്ധതി, ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുമായി കൊല്ലം ശക്തികുളങ്ങരയിൽ നളപാകം പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം പരിശീലിപ്പിക്കുന്നതിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ, എന്നീ വിവിധങ്ങളായ പ്രവർത്തനങ്ങൾ കൂടി മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) 2010-11 വർഷത്തിൽ സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ 4.63 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളും ആലപ്പുഴ ജില്ലയിൽ 3.47 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളും തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. കൂടാതെ നടപ്പുവർഷം ഈ പദ്ധതിപ്രകാരം കുടിവെള്ള പദ്ധതികൾക്ക് മാത്രമായി 9.8 കോടി അടങ്കൽ വരുന്ന പദ്ധതികൾ കൂടി എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം (പാങ്ങോട്), പത്തനംതിട്ട, മൂവാറ്റുപുഴ, ആലുവ, നോർത്ത് പറവൂർ എന്നിവിടങ്ങളിൽ ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ ആകെ 1190 ലക്ഷം രൂപ അടങ്കൽ വരുന്ന 5 ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ 8 തീരദേശ ജില്ലകളിലായി 14 മത്സ്യവിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണവും ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി 7 തീരദേശ ജില്ലകളിൽ 'ആഴക്കടൽ മത്സ്യബന്ധന പദ്ധതി'യും തിരുവനന്തപുരം,

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലകളിൽ മത്സ്യബന്ധന യാനങ്ങളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 66 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയും ഈ വർഷം നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുന്നു. നെയ്യാർഡാമിലെ അക്വേറിയം കോംപ്ലക്സിന്റെ നിർമ്മാണം, സാറ്റലൈറ്റ് ഫാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, മലമ്പുഴ അക്വേറിയം കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നതും കോർപ്പറേഷനാണ്. കൂടാതെ 5 കോടി രൂപ ചെലവ് വരുന്ന 7 ഫ്രെഡഫിഷ് യൂണിറ്റുകളുടെയും എറണാകുളം ജില്ലയിൽ ബ്രോഡ്വേയിൽ 150 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ആധുനിക മത്സ്യമാർക്കറ്റിന്റേയും നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ദേശീയ മത്സ്യവികസന ബോർഡിന്റെ പരിഗണനയിലാണ്.

ശബരിമലയിൽ ഈ തീർത്ഥാടന കാലത്ത് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ സംവിധാനങ്ങൾ

24(*54) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമലയിൽ ഈ തീർത്ഥാടനകാലത്ത് എത്തുന്ന തീർത്ഥാടകരുടെ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പമ്പയിൽ ഓക്സിജൻ പാർലറുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) ഇപ്പോൾ ഈ സംവിധാനം ശബരിമലയിൽ എവിടെയൊക്കെയാണ് നിലവിലുള്ളത്;

(ഡി) തീർത്ഥാടനത്തിനിടെ ഹൃദ്രോഗബാധിതരാകുന്നവർക്ക് യഥാസമയം മതിയായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് സന്നിധാനത്തും പരിസര പ്രദേശങ്ങളിലും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എന്തൊക്കെ സംവിധാനങ്ങളാണ് ഈ വർഷം പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) തീർത്ഥാടകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെയും മറ്റ് അയൽ സംസ്ഥാനങ്ങളുടെയും എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിൽ മേൽക്കൂര നിർമ്മിച്ചു. പമ്പയിൽ അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുംവേണ്ടി 20000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പന്തൽ നിർമ്മിച്ചു. പമ്പാതാഗത പാതയിൽ അപ്പാച്ചിമേട് ഭാഗത്ത് കഠിനമായ കയറ്റം കുറച്ച് പാത കോൺക്രീറ്റ് ചെയ്ത് പടികളും ബാരിക്കേഡുകളും നിർമ്മിച്ചു. പമ്പ-നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly